**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 232** **12-10-2026-ൽ മറുപടിയ്ക്ക്**

**കെ.എം.എസ്.സി.എൽ. അധികമായി വാങ്ങിയ ഐ.വി. ഫ്ലൂയിഡ്, ഇൻസുലിൻ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ഡോ. മാത്യു കുഴൽനാടൻ
ശ്രീ. കെ. എം. അഭിജിത്ത്
ശ്രീമതി കെ. കെ. രമ
ശ്രീ. രമേഷ് പിഷാരടി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ സർക്കാരിന്റെ കാലത്തെ അവസാന രണ്ടു വർഷങ്ങളിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ എട്ടു കോടി രൂപയുടെ ഐ.വി. ഫ്ലൂയിഡ് അധികമായി വാങ്ങിയെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** ശ്രദ്ധയിൽപെട്ടിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ അവസാന രണ്ടു വർഷങ്ങളിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ഐ.വി. ഫ്ലൂയിഡ് അധികമായി വാങ്ങിയിട്ടില്ല. ആരോഗ്യ വകുപ്പിൽ നിന്നും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ വാർഷിക ഇൻഡന്റുകൾ ക്രോഡീകരിച്ച് പ്രസ്തുത വാർഷിക ഇൻഡന്റ് തോത് അനുസരിച്ചാണ് വാങ്ങിയിട്ടുള്ളത്.

**(ബി)** വാർഷിക കരാർ അനുസരിച്ച് മതിയായ ഐ.വി. ഫ്ലൂയിഡ് വാങ്ങിയതിനാൽ അധികമായി വാങ്ങിയവ ഉപയോഗിക്കേണ്ടി വന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** ശ്രദ്ധയിൽപെട്ടിട്ടില്ല. ആരോഗ്യ വകുപ്പും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നൽകുന്ന ഇൻഡന്റിനു അനുസൃതമായിട്ടാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്നും അനുബന്ധ സാമഗ്രികളും സംഭരിച്ചു വിതരണം നടത്തി വരുന്നത്. വാർഷിക കരാർ പ്രകാരം ആവശ്യമായ അളവിൽ മാത്രമാണ് ഐ.വി. ഫ്ലൂയിഡ് വാങ്ങിയിട്ടുള്ളത്.

**(സി)** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അമിതമായി ഇൻസുലിൻ വാങ്ങിയതിന്റെ ഫലമായി വെയർഹൗസുകളിലെ ഫ്രീസറുകളിൽ ഇവ സൂക്ഷിക്കാനാകാതെ ഉപയോഗശൂന്യമായെന്ന ആക്ഷേപത്തെക്കുറിച്ച് അന്വേഷണം നടത്തുമോയെന്ന് വ്യക്തമാക്കുമോ?

**മറുപടി:** ആരോഗ്യ വകുപ്പും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നൽകുന്ന ഇൻഡന്റിനു അനുസൃതമായിട്ടാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്നും അനുബന്ധ സാമഗ്രികളും സംഭരിച്ചു വിതരണം നടത്തി വരുന്നത്. ഇൻഡന്റ് അനുസരിച്ച് മാത്രമാണ് ഇൻസുലിൻ വാങ്ങിയിട്ടുള്ളത്. അതിനാൽ സംഭരണശാല കളിൽ ആവശ്യമായ ഫ്രീസർ സൗകര്യം ലഭ്യമല്ലാത്തതിന്റെ ഭാഗമായി ഇൻസുലിൻ ഉപയോഗശൂന്യമായ സാഹചര്യം ഉണ്ടായിട്ടില്ല.

**സെക്ഷൻ ഓഫീസർ**